## മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
## ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 171**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ മലങ്കര സഭാതാരക ദൗത്യസരണിയിൽ 133 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. സഭാകൗൺസിലിന്റെ തീരുമാനപ്രകാരം താരകയുടെ ജന്മമാസമായ ജനുവരി താരകമാസമായി ആചരിച്ചുവരുന്നു.

2026 ജനുവരി മാസം താരകമാസമായി നമ്മുടെ എല്ലാ ഇടവകകളും ആചരിക്കണം. സഭാതാരകയ്ക്ക് കൂടുതൽ വായനക്കാരെയും വരിക്കാരെയും ചേർക്കുക എന്ന ലക്ഷ്യത്തോടെയാണ് താരകമാസാചരണം സഭയായി ക്രമീകരിക്കുന്നത്. സഭയുടെ ഔദ്യോഗിക നാവ് എന്ന നിലയിൽ മെത്രാപ്പോലീത്തയുടെ കത്ത്, സഭാവാർത്തകൾ, വിവിധ സഹായ പദ്ധതികളെയും സ്കോളർഷിപ്പുകളേയും സംബന്ധിച്ചുള്ള അറിയിപ്പുകൾ, പത്രാധിപക്കുറിപ്പുകൾ, വേദപഠനങ്ങൾ, സമകാലിക പ്രാധാന്യമുള്ള ലേഖനങ്ങൾ, കവിതകൾ, അഭിമുഖങ്ങൾ തുടങ്ങിയവ സഭാതാരകയുടെ വിഭവങ്ങൾ ആണ്. നിലവിൽ മലയാളത്തിന് പുറമേ സഭാതാരകാ വെബ്സൈറ്റിലൂടെ ഓൺലൈനായി ഇംഗ്ലീഷ് ഭാഷയിലും സഭാതാരക പ്രസിദ്ധീകരിച്ചു വരുന്നു. 200 രൂപയാണ് ഇംഗ്ലീഷ്, മലയാളം താരകയുടെ വാർഷിക വരിസംഖ്യ, 3500 രൂപാ നൽകി താരകയുടെ ലൈഫ് സബ്സ്ക്രിപ്ഷൻ എടുക്കുവാനും സാധിക്കും.

"ഓരോ മാർത്തോമ്മാ ഭവനത്തിലും ഒരു സഭാതാരക" എന്ന ലക്ഷ്യത്തോടെയാണ് ഈ മാസാചരണം ക്രമീകരിക്കുന്നത്. ഈ ലക്ഷ്യം സഫലമാക്കുവാൻ ഇടവകതലത്തിൽ വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇടവക വികാരിയുടെ നേതൃത്വത്തിൽ വ്യക്തികളായോ സംഘടനകളായോ ഈ ചുമതല നിർവഹിക്കുന്നത് ഏറെ പ്രയോജനപ്രദമാണ്. സഭാതാരകയുടെ ഡെപ്യൂട്ടേഷന്റെ ഭാഗമായി പ്രൊമോട്ടർമാരോ, സഭാകൗൺസിൽ അംഗങ്ങളോ, താരക മാനേജിങ് കമ്മിറ്റി അംഗങ്ങളോ, സഭാ പ്രതിനിധി മണ്ഡല അംഗങ്ങളോ നിങ്ങളുടെ ഇടവക സന്ദർശിക്കുമ്പോൾ അവർക്കാവശ്യമായ പ്രോത്സാഹനവും സഹകരണവും നൽകി പരമാവധി വരിക്കാരെ ചേർക്കുവാൻ ക്രമീകരണം ചെയ്യണം.

പുതിയ വരിക്കാരെ ചേർത്തും, നിലവിലുള്ള വരിക്കാർ വരിസംഖ്യ പുതുക്കിയും താരകയുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ഉത്സാഹിക്കണം. നമ്മുടെ എല്ലാ ഇടവകകളും സ്ഥാപനങ്ങളും സഭാതാരകയുടെ സ്ഥിരം വരിക്കാരാകണം. പത്ത് പുതിയ അംഗങ്ങളെ ചേർക്കുന്ന ഒരാൾക്ക് താരക ഒരു വർഷത്തേക്ക് സൗജന്യമായി ലഭിക്കും. ഒരു ഇടവകയിലെ എല്ലാ കുടുംബങ്ങളും താരക വരിക്കാർ ആവുമ്പോൾ ആ ഇടവക സമ്പൂർണ്ണ താരക ഇടവകയായി പ്രഖ്യാപിക്കപ്പെടുന്നതാണ്. വരിസംഖ്യ പുതുക്കിയും പുതിയ വരിക്കാരെ ചേർത്തും, വരിക്കാരാകുവാൻ പ്രോത്സാഹിപ്പിച്ചും ഈ വർഷത്തെ താരകമാസാചരണം കൂടുതൽ അർത്ഥവത്താക്കണം. ഏവരുടെയും സഹകരണവും പങ്കാളിത്തവും പ്രതീക്ഷിക്കുന്നു.

നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ,

2025 ഡിസംബർ മാസം 6–ാം തീയതി തിരുവല്ലാ പുലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 171**

*Blessings to all the Vicars, resident Clergy, Trustees,*
*and Members of all our Parishes in the Church*

Beloved in Christ,

Malankara SabhaTharaka, the official publication of the Malankara Mar Thoma Syrian Church has crossed 133 dutiful years in its mission. In accordance with the decision of the Sabha Council, January, which marks the birth month of the SabhaTharaka, is observed as *Tharaka Month*.

All parishes should observe 2026 January as *Tharaka Month.* The Church is organising the observance of *Tharaka Month* with the aim of bringing in more readers and subscribers for the SabhaTharaka. Serving as the official mouthpiece of the Church, the SabhaTharaka features: letter(s) from the Metropolitan, Church news, Announcements on various welfare projects and scholarships, editorials, devotionals, articles of contemporary and social relevance, poems and interviews. Aside from the Malayalam publication, an English Edition too is currently published online via the Sabha Tharaka website. The annual subscription for the English, Malayalam Tharaka editions amounts to Rs. 200 respectively, whereas one can acquire a lifetime subscription for Rs. 3500.

This one-month observance is organised with the mission to realise 'A SabhaTharaka in every Mar Thoma home'. To achieve this goal, care must be given to increase the number of subscribers at the parish level. It would be very beneficial if such an initiative is carried out by individuals or as organisations under the leadership of the respective vicars. It is exhorted to provide necessary support and encouragement to the promoters or Sabha Council Members or Tharaka Managing Committee Members or the Sabha Prathinidhi Mandalam Members when they visit your parish as part of the SabhaTharaka deputation and thereby necessitate arrangements to bring in the maximum number of subscribers.

A concerted effort is necessary to usher in more new subscribers and encourage existing subscribers to renew their annual subscriptions in order to increase the readership of the SabhaTharaka. All our churches and institutions should be regular subscribers of the SabhaTharaka. An individual bringing in 10 new subscribers would receive a free one-year Tharaka subscription. A parish where all families become Tharaka subscribers would be declared a *Sampoorna Tharaka Parish.* Let us make this year's Tharaka Month Observance more meaningful by renewing our subscriptions and encouraging and adding more new subscribers. Expecting the wholehearted cooperation and participation of all.

Grace be with you all.

Dated 6th December 2025, from Poolatheen, Thiruvalla,

**Dr. Theodosius Mar Thoma Metropolitan**